പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1558

03-10-2011-ൽ മറുപടിയ്ക്ക്

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഉപകാരപ്രദമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ സംഘങ്ങൾ എത്താനും രാഷ്ട്രീയ കക്ഷികളുടെ നിയന്ത്രണത്തിലായതിനാൽ അംഗങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ തയ്യാറാകുമോ; സഹകരണ സ്ഥാപനങ്ങളിലെ രാഷ്ട്രീയ അതിപ്രസരം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | എ) ഇല്ല. അംഗങ്ങളായ സഹകാരികളാൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളും ചുരുക്കം ചില സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളോ അഡ്മിനിസ്ട്രേറ്ററോ ആണ് ഭരണം നടത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെല്ലാം തന്നെ വിവിധ രാഷ്ട്രീയ കക്ഷികളുടെ നിയന്ത്രണത്തിലുമാണ്. സംഘങ്ങളിലെ അംഗങ്ങൾക്ക് പ്രയാസം നേരിടുന്ന പക്ഷം യൂണിറ്റ് ഇൻസ്പെക്ടർ മുതൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ വരെയുള്ളവർക്ക് പരാതി നൽകി അതിന് പരിഹാരം തേടാൻ അവസരമുണ്ട്. |

സെക്ഷൻ ഓഫീസർ